# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

30.01.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:978

### അരുവിക്കര കുപ്പി വെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അരുവിക്കരയിലെ കുപ്പിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | അരുവിക്കര കുപ്പിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്), ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇൻഡ്യ (എഫ്.എസ്.എസ്.എ.ഐ) എന്നിവയിൽ നിന്നും ലൈസൻസ് ലഭിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഇതിനോടകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | 10 കോടി രൂപ. |
| (സി) | ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടക്കാലത്ത് സ്തംഭനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ; | (സി) | 10 കോടി രൂപയുടെ ഒറിജിനൽ ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തി മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് സാധിച്ചില്ല. 16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതിനെ തുടർന്നാണ് ശേഷിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പ്ലാന്റിലെ തൊഴിലാളികളെ എപ്രകാരമാണ് നിയമിക്കുന്നത്; കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്ക് പരിശീലനം നൽകി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ പദ്ധതിയുടെ ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ച് കരാറുകാരൻ തന്നെ പദ്ധതി പൂർത്തീകരിച്ച് 3 മാസം പ്ലാന്റിന്റെ നടത്തിപ്പും പരിപാലനവും നിർവഹിക്കേണ്ടതാണ്. പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനത്തിന് കേരള വാട്ടർ അതോറിട്ടിയിൽ നിലവിലുള്ള ജീവനക്കാരെ പരിശീലനം നൽകി നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ